**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1449** **14-03-2022 - ല്‍ മറുപടിയ്ക്ക്**

**രവീന്ദ്രന്‍ പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | null<br>(റവന്യൂ-ഭവനനിര്‍മ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ദേവികുളം താലൂക്കില്‍ എത്ര ആളുകള്‍ക്കാണ് രവീന്ദ്രന്‍ പട്ടയം നല്‍കിയിരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ആകെ 551 പട്ടയങ്ങള്‍ അനുവദിച്ചിട്ടുണ്ട്. |
| (ബി) | റദ്ദ് ചെയ്യപ്പെട്ട പ്രസ്തുത പട്ടയങ്ങളുടെ ഭൂവുടമകള്‍ക്ക് എത്ര കാലയളവിനുള്ളില്‍ പട്ടയങ്ങള്‍ നല്‍കുന്നതിന് സാധിക്കുമെന്ന് വിശദമാക്കാമോ; | (ബി) | പട്ടയങ്ങള്‍ റദ്ദ് ചെയ്യുന്നതിനുള്ള നിയമാനുസൃത നടപടികള്‍ നിലവില്‍ സ്വീകരിച്ചു വരുന്നു. വില്ലേജ് തല അദാലത്തുകള്‍ ഇതിനായി സംഘടിപ്പിച്ചു വരികയാണ്.പട്ടയം റദ്ദാക്കിയാല്‍ നിലവിലെ ഉടമകള്‍ പുതിയ പട്ടയത്തിനായി ദേവികുളം തഹസീല്‍ദാര്‍ക്ക് അപേക്ഷ സമര്‍പ്പിക്കേണ്ടതാണ്. ഓരോ വില്ലേജിലും പ്രത്യേക സംഘത്തെ നിയമിച്ച് അപേക്ഷകള്‍ പരിശോധിച്ച് യോഗ്യതകള്‍ ഉറപ്പാക്കുകയും ഭൂ പതിവിന് ആവശ്യമായ എല്ലാ രേഖകളും തയ്യാറാക്കി തദസീല്‍ദാര്‍ക്ക് കൈമാറുന്ന മുറയ്ക്ക് യോഗ്യത പരിശോധിച്ച് സമയബന്ധിതമായി പട്ടയ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.KDH വില്ലേജുകളിലെ അപേക്ഷകളിന്മേലുള്ള അസൈന്‍മെന്റ് റിപ്പോര്‍ട്ടുകള്‍ പ്രത്യേക സംഘം തയ്യാറാക്കി തഹസീല്‍ദാര്‍ മുഖേന ഇടുക്കി ജില്ലാ കളക്ടര്‍ക്ക് സമര്‍പ്പിക്കുന്ന മുറയ്ക്ക് യോഗ്യത പരിശോധിച്ച് സമയബന്ധിതമായി അര്‍ഹരായവര്‍ക്ക് പട്ടയം നല്‍കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പട്ടയങ്ങള്‍ ഈട് നല്‍കി ബാങ്ക് ലോണുകളും മറ്റ് വായ്പകളും എടുത്തിട്ടുള്ളവര്‍ നേരിടുന്ന പ്രശ്നങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയില്‍പ്പെട്ടിട്ടില്ല. |

സെക്ഷന്‍ ഓഫീസര്‍